പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>പി.എം.ജി.എസ്.വൈ. റോഡുകൾ</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1315

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണത്തിന് കരാർ എടുക്കുന്നവർ കരാർ പ്രകാരം പണി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അവർക്കെതിരെ നിയമപരമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ കഴിയുക എന്ന് വ്യക്തമാക്കുമോ; | (എ) | കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ നിലവിലുള്ള കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുകയും ബാക്കി പണികൾ പുതിയ കരാറുകാരനെ ഏൽപ്പിച്ച് പൂർത്തീയാക്കുന്നതുമാണ്. ഇങ്ങനെ വരുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുൻ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്. |
| (ബി) | നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ഏത് ഉദ്യോഗസ്ഥനാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ; | (ബി) | സൂപ്രണ്ടിംഗ് എഞ്ചിനിയറാണ് നടപടി സ്വീകരിക്കേണ്ടത്. |
| (സി) | കോഴിക്കോട് തൂണേരി ബ്ലോക്കിലെ നിട്ടൂർ മലയാടപ്പൊയിൽ റോഡ് നിർമ്മാണത്തിൽ കരാർ ലംഘനം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) | കോഴിക്കോട് തൂണേരി ബ്ലോക്കിലെ നിട്ടൂർ മലയാടപൊയിൽ റോഡ് ഉൾപ്പെടെയുള്ള പാക്കേജ് നമ്പർ കെ.ആർ. 08-07 റോഡ് നിർമ്മാണത്തിൽ കരാർ ലംഘനം നടന്നു. M/s Vijaya Construction എന്ന കമ്പനി 18/10/2005 ൽ എഗ്രിമെന്റ് വച്ച് പണി തുടങ്ങി. കോൺട്രാക്ടർ കരാർ ലംഘനം നടത്തിയതിനാൽ 6/1/2011 ൽ കരാർ റദ്ദ് ചെയ്തു. |

സെക്ഷൻ ഓഫീസർ